**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 307** **22-02-2022 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് പാലക്കയത്ത് സപ്ലൈകോ ഔട്ട് ലെറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിൽപ്പെട്ട തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ പാലക്കയം മേഖലയിൽ സപ്ലൈകോ ഔട്ട് ലെറ്റ് ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (എ) | തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽ (തച്ചമ്പാറയിൽ) നിലവിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ പാലക്കയത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് ലഭ്യമായ നിവേദനം സംബന്ധിച്ച് സപ്ലൈകോ പാലക്കാട് മേഖലാ മാനേജർ/ഡിപ്പോ മാനേജർ മുഖേന ആവശ്യമായ സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നിലവിലെ സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡമനുസരിച്ച് രണ്ടാമത് ഒരു മാവേലി സ്റ്റോറ് ആരംഭിക്കുന്നതിന് കുറഞ്ഞത് 700 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം കണ്ടെത്തി 5 വർഷത്തേക്ക് വാടക രഹിതമായി പഞ്ചായത്ത് ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് ലഭ്യമാക്കിയ നിർദ്ദിഷ്ട കെട്ടിടം 500 ചതുരശ്ര അടി മാത്രം വിസ്തീർണ്ണമുള്ളതാണ്. മാത്രമല്ല, ഡിപ്പോതലത്തിൽ തയ്യാറാക്കി സമർപ്പിച്ച പ്രതീക്ഷിത ലാഭ നഷ്ട പത്രിക പ്രകാരം പ്രതിമാസം ഏകദേശം 29,000/- രൂപ നഷ്ടം വരുന്നതായി കാണുന്നു. മേൽ സാഹചര്യത്തിൽ ജീവനക്കാരുടെ ലഭ്യത, പ്രവർത്തന നഷ്ടം പരമാവധി കുറയ്ക്കാനുള്ള സാധ്യത എന്നിവ പരിശോധിച്ച് പുതിയ വിൽപ്പനശാല അനുവദിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ